(സി)

ക്വാർട്ടേഴ്സിന്റെ തരം	ക്വാർട്ടേഴ്സുകളുടെ എണ്ണം	പ്ലിന്ത് ഏരിയ
രണ്ട് മുറി	20	44 ച.മീ.
ഒരു മുറി	10	28 ,,
രണ്ട് മുറി	8	32.82 ,,
ഒരു മുറി	10	16.45 ,,
ഡോർമിറ്ററി	1	28 ,,
ഒരു മുറി	1	24.6 ,,

(ഡി),(ഇ)&(എഫ്) ക്വാർട്ടേഴ്സുകളുടെ അപര്യാപ്തതമൂലം കേരള ഹൗസിലെ മുഴുവൻ ജീവനക്കാർക്കും ക്വാർട്ടേഴ്സുകൾ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽനിന്ന് സ്ഥലംമാറ്റമായി എത്തുന്നവർക്ക് പ്രാദേശികമായി നിയമിച്ച ഉദ്യോഗസ്ഥരേക്കാൾ മുൻഗണന നൽകിയാണ് ക്വാർട്ടേഴ്സുകൾ അനുവദിച്ച് വരുന്നത്. കൂടാതെ ഭൂരിഭാഗം ക്വാർട്ടേഴ്സുകളും പഴയ ബാരക്കുകൾ അറ്റകുറ്റ പണികൾ ചെയ്തു ഉപയോഗപ്രദമാക്കിയിട്ടുള്ളതിനാൽ ഇവയിലെ സൗകര്യങ്ങളും വ്യത്യസ്തമാണ്. എന്നാൽ എല്ലാ ക്വാർട്ടേഴ്സുകൾക്കുംവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

19 (1379) ന്യൂഡൽഹിയിലെ കേരളാ ഹൗസിലെ സ്റ്റ്യുവാർഡ് തസ്തിക

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹിയിലെ കേരളാ ഹൗസിൽ ഓഫീസ് മേധാവി താൽക്കാലിക ക്രമീകരണപ്രകാരം നിയമിച്ച സ്റ്റ്യുവാർഡ് ഇപ്പോഴും അതേ തസ്തികയിൽ തുടരുന്നുണ്ടോ;

(ബി) ബയറർ/റൂംബോയ് എന്നീ തസ്തികകളിൽ ജോലി ചെയ്തിരുന്നവരുടെ അപേക്ഷകൾ പെൻഡിംഗിൽ ഉള്ളപ്പോൾ അത് മറികടന്ന് താൽക്കാലിക നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ നടപടി റദ്ദാക്കിയിട്ട് അപേക്ഷകരിൽ അർഹരായവർക്ക് നിയമനം നൽകാൻ അടിയന്തിരമായി നിർദ്ദേശം നൽകുമോ?

ഉത്തരം

(എ),(ബി)&(സി) ഉണ്ട്. കേരളാ ഹൗസ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സാഹചര്യത്തിൽ വെയിറ്റർ തസ്തികയിൽ ജോലി ചെയ്തിരുന്ന ഏറ്റവും സീനിയറായ വ്യക്തിയെയാണ് 5.12.98-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ : 640/98/ജിഎഡി ഉത്തരവിലൂടെ താൽക്കാലികമായി സ്റ്റ്യുവാർഡ് തസ്തികയിൽ നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമനം റദ്ദാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

20 (1380) കേരളാ ഹൗസിലെ താമസസൗകര്യം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരളാ ഹൗസ് ശരിയായി മെയിന്റയിൻ ചെയ്യുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly